# പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 266 | 02.03.2020 ൽ മറുപടിയ്ക്ക് |
|---|---|
| **അതീജീവനം പദ്ധതി** | |
| ചോദ്യം | മറുപടി |
| **ശ്രീമതി. ഷാനിമോൾ ഉസ്മാൻ** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) വനിതാ ശിശുവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന അതിജീവനം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;<br>ബി) നാളിതുവരെ ഈ പദ്ധതിയിൽ എത്ര പേർ അപേക്ഷ നൽകിയെന്നും അതിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയെന്നും അറിയിക്കാമോ;<br>സി) അതിജീവനം പദ്ധതിക്ക് അപേക്ഷ നൽകേണ്ട തീയതി അവസാനിച്ചിട്ടും വ്യാജ പ്രചരണങ്ങളിലൂടെ കൂടുതൽ പേരെ വഞ്ചിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വ്യാജപ്രചരണം നടത്തിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | എ) യും ബി) യും സി) യും<br>വനിത ശിശു വികസന വകുപ്പ് വഴി 'അതിജീവനം' എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. അതിജീവിക എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>കുടുംബനാഥന്റെ ഏക ആശ്രയത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ ഗൃഹനാഥൻ ഗുരുതരമായ അസുഖത്താൽ കിടപ്പിലാവുകയോ രോഗം മൂലം മരണപ്പെടുകയോ പെട്ടെന്നുണ്ടാകുന്ന അപകടങ്ങളാൽ മരണപ്പെടുകയോ കിടപ്പിലാവുകയോ ചെയ്യുമ്പോൾ സ്ഥിര വരുമാനം ഇല്ലാത്തതിനാലും ജോലി ചെയ്യാനുള്ള ആരോഗ്യമില്ലാത്തതിനാലും നിത്യ ചെലവിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആശുപത്രി ചെലവുകൾക്കും മറ്റും മാർഗ്ഗമില്ലാതെ ബുദ്ധിമുട്ടുന്ന അവസ്ഥ പെട്ടെന്ന് സംജാതമാകുന്നു. ഇപ്രകാരം രോഗികളായ സ്ത്രീകൾ വിധവകൾ, ഭർത്താവ് ഗുരുതര അസുഖത്താൽ കിടപ്പിലായവർ, വിവാഹ മോചിതരായ സ്ത്രീകൾ ഉള്ള കുടുംബം, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട കുടുംബത്തിലെ സ്ത്രീകൾ എന്നിവർ എല്ലാം തന്നെ ഈ അവസ്ഥ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. കൂടാതെ ബാങ്ക് ലോണെടുത്തും മറ്റും |

| | |
|---|---|
| | നിർമ്മിച്ച വീടുകളുടെ വായ്പാ തിരിച്ചടവ്, ചികിത്സയ്ക്ക് വേണ്ടി എടുത്ത ലോൺ, ഭർത്താവിന്റെ അസുഖം, ചികിത്സ, മരണം എന്നിവ മൂലം തിരിച്ചടവ് മുടങ്ങുന്നത് കാരണം സ്ത്രീയ്ക്ക് ഇത് ബാധ്യതയായി വരികയും ജപ്തി ഭീഷണി നേരിടുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുന്നു.<br>ഇപ്രകാരം ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകൾക്ക് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണ് 'അതിജീവിക'. പരമാവധി 50,000/- രൂപ വരെ ധനസഹായമായി അനുവദിക്കുന്നു.<br><u>നിർവ്വഹണം</u><br>ശിശു വികസന പദ്ധതി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ലഭ്യമാകുന്ന അപേക്ഷകളിന്മേൽ ശിശു വികസന പദ്ധതി ഓഫീസർ വിശദമായ അന്വേഷണം നടത്തി ഇക്കാര്യത്തിന് മറ്റ് ധനസഹായം ലഭിച്ചവരെ ഒഴിവാക്കി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ദുരിതമനുഭവിക്കുന്നവരാണെന്ന് ഉറപ്പാക്കി മുൻഗണനാ ക്രമത്തിൽ അന്വേഷണ റിപ്പോർട്ട്, അനുവദിക്കാവുന്ന തുക സംബന്ധിച്ച ശുപാർശ എന്നിവ ഉൾപ്പെടെ സ്റ്റേറ്റ്മെന്റ് സഹിതം അപേക്ഷകൾ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് നൽകുന്നു. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ പരിശോധിച്ച് ധനസഹായത്തിന് അർഹരാണെന്ന് ഉറപ്പാക്കി ജില്ലാതല കമ്മിറ്റി (ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യവേഷൻ കമ്മിറ്റി) കൂടി അർഹരായ അപേക്ഷകരുടെ ലിസ്റ്റ് അനുവദിക്കാവുന്ന തുകയുടെ വിവരം, ജില്ലാതല കമ്മിറ്റി തീരുമാനത്തിന്റെ |

ശുപാർശ സഹിതം വനിത ശിശു വികസന ഡയറക്ടർക്ക് നൽകുന്നു. ഇപ്രകാരം ലഭിക്കുന്ന പ്രൊപ്പോസൽ സംസ്ഥാന സമിതിയുടെ അംഗീകാരത്തിന് വിധേയമായി ധനസഹായം അനുവദിക്കുന്നു.

**ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യൂവേഷൻ കമ്മിറ്റിയുടെ ഘടന**

1) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - ചെയർപേഴ്സൺ
2) ജില്ലാ വനിതാ ശിശു വികസന ഓഫീസർ - കൺവീനർ
3) ജില്ലാ മെഡിക്കൽ ഓഫീസർ - മെമ്പർ
4) ജില്ലാ പഞ്ചായത്ത് വെൽഫെയർ സ്റ്റാന്റിംഗ് കമ്മിറ്റി - മെമ്പർ ചെയർമാർ
5) വുമൺ പ്രൊട്ടക്ഷൻ ഓഫീസർ - മെമ്പർ
6) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന രണ്ട് സന്നദ്ധ പ്രവർത്തകർ - മെമ്പർ

**ഗുണഭോക്താക്കൾ**

- ഭർത്താവ്/കുട്ടികൾ/കുടംബനാഥ എന്നിവർ രോഗബാധിതരായി കിടപ്പുരോഗിയുള്ള കുടുംബം.
- പ്രകൃതി ദുരന്തത്താലോ, മനുഷ്യ വിപത്തിനാലോ വീട് നഷ്ടപ്പെട്ട്/ നാശം സംഭവിച്ച് വാടകയ്ക്ക് താമസിക്കാൻ കഴിയാത്ത ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം.

| | |
|---|---|
| | • കട ബാധ്യത മൂലം കുടുംബനാഥ ജപ്തി ഭീഷണി നേരിടുന്ന കുടുംബം.<br>• ഭർത്താവിന്റെ അസുഖം/വിയോഗം മൂലം മക്കളുടെ പഠനത്തിന്/ ആശ്രിതരുടെ ചികിത്സയ്ക്കും ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം.<br>• അസുഖം ബാധിച്ച് മറ്റാരും നോക്കാനില്ലാതെ കഷ്ടപ്പെടുന്ന സ്ത്രീ.<br>• അപേക്ഷകരായ സ്ത്രീകളുടെ പ്രായം 50 വയസ്സിൽ താഴെ ആയിരിക്കണം.<br>അനാരോഗ്യം നിമിത്തം ജോലി ചെയ്യാൻ സാധിക്കാത്ത സ്ത്രീകൾക്കു മാത്രമേ ഈ സ്കീമിനു കീഴിൽ അർഹതയുണ്ടായിരിക്കുകയുള്ളു. (ഹൃദ്രോഗം, അംഗപരിമിതി, കിഡ്നി/ലിവർ സംബന്ധമായ രോഗങ്ങൾ ക്യാൻസർ, തളർവാതം മറ്റ് ഗുരുതര രോഗങ്ങൾ) അപേക്ഷകർ മേൽ വിഭാഗത്തിൽ-പ്പെടുന്നവരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതും ജീവിത അവസ്ഥ സംബന്ധിച്ചും അഭിമുഖീകരിക്കേണ്ടി വരുന്ന ജീവിത ദുരിതങ്ങൾ സംബന്ധിച്ചും ഒരു റിപ്പോർട്ട് വെള്ള പേപ്പറിൽ തയ്യാറാക്കി അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്.<br><u>അർഹത മാനദണ്ഡം</u><br>• അപേക്ഷകരുടെ വാർഷിക കുടുംബ വരുമാനം 50,000/- രൂപയിൽ താഴെയായിരിക്കണം.<br>• അപേക്ഷകർക്ക് പ്രായപൂർത്തിയായ |

| | |
|---|---|
| | തൊഴിൽ ചെയ്യുന്ന മക്കൾ (ബുദ്ധിമാന്ദ്യം ഉള്ളവർ, അവിവാഹിതരായ പെൺകുട്ടികൾ ഉള്ളവർ, കിടപ്പ് രോഗികൾ ഉള്ള കുടുംബം ഒഴികെ) ഉണ്ടായിരിക്കരുത്.<br>● സർക്കാർ തലത്തിൽ ധനസഹായം ലഭിച്ചവർ (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മറ്റും) ഈ സഹായത്തിന് അർഹരല്ല.<br>ടി പദ്ധതി പ്രകാരം അതാത് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ച് വരുന്നു. അതിജീവിക പദ്ധതിയിൽ അപേക്ഷിക്കാനുള്ള അവസാന തീയതി കഴിഞ്ഞെന്നും ഇനിയും അപേക്ഷ നൽകേണ്ടതില്ലെന്നും വനിത ശിശു വികസന വകുപ്പിൽ നിന്നും പത്രപരസ്യം വഴി പൊതുജനങ്ങൾക്ക് വിവരം നൽകിയിട്ടുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ